ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.06.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ രണ്ടു ദിവസത്തെ ആന്ധ്രാപ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കം; സെൻട്രൽ ട്രൈബൽ യൂണിവേഴ്സിറ്റി ഓഫ് ആന്ധ്രാപ്രദേശിന്റെ' പ്രഥമ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും.

   **President Droupadi Murmu to begin a two-day visit to Andhra Pradesh today; the President will attend the first convocation ceremony of the Central Tribal University of Andhra Pradesh.**

2. പെട്രോൾ, ഡീസൽ വിൽപന നിയന്ത്രണങ്ങൾ പിൻവലിച്ച് കേന്ദ്ര സർക്കാർ; പിൻവലിക്കൽ നാളെ മുതൽ പ്രാബല്യത്തിൽ.

   **The Central Government has decided to withdrawn the restrictions on petrol and diesel sales; the withdrawal will come into effect tomorrow.**

3. ഇന്ത്യൻ സിനിമ നേരിടുന്ന അവസരങ്ങളെയും വെല്ലുവിളികളെയും കുറിച്ച് പഠിക്കാൻ ഉന്നതതലസമിതിക്കു രൂപം നൽകി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം.

   **The Union Ministry of Information and Broadcasting has formed a high-level committee to study the opportunities and challenges faced by Indian cinema.**

4. കേരളത്തിൽ സെൻസസ് സെൽഫ് എന്യുമറേഷൻ പൂർത്തിയാക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

   **The deadline to complete the Census self-enumeration in Kerala will end today.**

5. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരളം- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rainfall is likely in the northern districts of the state today; an orange alert has been issued for Kannur and Kasaragod districts, and fishing is banned along the Kerala-Karnataka-Lakshadweep coasts.**

6. ഫിഫാ ലോകകപ്പ് ഫുട്ബോളിൽ ബ്രസീലും പാരഗ്വായും പ്രീ-ക്വാർട്ടറിൽ; ജർമനി പുറത്ത്.

**Brazil and Paraguay have entered the pre-quarterfinals of the FIFA World Cup, while Germany has been knocked out.**

## PREZ- AP VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ രണ്ടു ദിവസത്തെ ആന്ധ്രാപ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. 'സെൻട്രൽ ട്രൈബൽ യൂണിവേഴ്സിറ്റി ഓഫ് ആന്ധ്രാപ്രദേശിന്റെ' പ്രഥമ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. നാളെ അനന്തപൂരിലുള്ള 'സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് ആന്ധ്രാപ്രദേശിന്റെ' ആദ്യ ബിരുദദാന ചടങ്ങിലും രാഷ്ട്രപതി മുഖ്യാതിഥിയാകും.

## PM - SEYCHELLES

സെയ്ഷെൽസ് സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദം ശക്തിപ്പെടുത്തിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. മൂന്ന് ദിവസത്തെ സെയ്ഷെൽസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ഇന്ത്യയിൽ തിരിച്ചെത്തി. കഴിഞ്ഞ 50 വർഷത്തെ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ആഴത്തിലുള്ള വിശ്വാസത്തിലും പരസ്പര പുരോഗതിയിലും അധിഷ്ഠിതമാണെന്നും എന്നാൽ വരാനിരിക്കുന്ന 50 വർഷങ്ങൾ നവീകരണം, സുസ്ഥിരത എന്നിവയാൽ രൂപപ്പെടുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ പറഞ്ഞു.

## PETROLEUM – WITHDRAW RESTRICTIONS (INTRO)

പശ്ചിമേഷ്യൻ പ്രതിസന്ധിയെത്തുടർന്ന് ഇന്ധനക്ഷാമം

തടയാൻ പെട്രോൾ, ഡീസൽ എന്നിവയുടെ വിൽപ്പനയിലും വിതരണത്തിലും ഏർപ്പെടുത്തിയിരുന്ന താൽക്കാലിക നിയന്ത്രണങ്ങൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തീരുമാനം. താത്കാലിക നിയന്ത്രണങ്ങളുടെ പിൻവലിക്കൽ നാളെ മുതൽ പ്രാബല്യത്തിൽ വരും.

**വിശദാംശങ്ങളിലേക്ക്......**

(ഹോൾഡ് വോയ്സ്)

## PETROLEUM – WITHDRAW RESTRICTIONS (VOICE)

ജൂൺ 12 നാണ് സർക്കാർ താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയത്. ഇതു പ്രകാരം റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ഒരു ഉപഭോക്താവിനോ വാഹനത്തിനോ പ്രതിദിനം പരമാവധി 200 ലിറ്റർ ഹൈ സ്പീഡ് ഡീസൽ മാത്രമായി പരിമിതപ്പെടുത്തുകയും വ്യവസായ, വാണിജ്യ ഉപഭോക്താക്കൾക്ക് പ്രത്യേക നിബന്ധനകൾ ബാധകമാക്കുകയും ചെയ്തിരുന്നു. ഡീസലിന്റെ കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, ദുരുപയോഗം എന്നിവ തടയുന്നതിനൊപ്പം റീട്ടെയിൽ ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ പെട്രോളും ഡീസലും ലഭ്യമാക്കുക എന്നതായിരുന്നു നടപടികളുടെ ലക്ഷ്യം. രാജ്യത്തുടനീളം പെട്രോളിന്റെയും ഡീസലിന്റെയും മതിയായ ലഭ്യത ഉറപ്പാക്കാനും ചില്ലറ ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും താൽക്കാലിക നടപടികളിലൂടെ സഹായിച്ചതായി കേന്ദ്രസർക്കാർ വ്യക്തമാക്കി

ന്യൂസ് ഡെസ്ക് ആകാശവാണി.............

## SHIVRAJ – NORTH EAST

കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്നും നാളെയും വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ സന്ദർശനം നടത്തും. അസമിലെ ഗുവാഹത്തിയിൽ കേന്ദ്രമന്ത്രി ഉന്നതതല അവലോകന യോഗം ചേരും. അസമിലും പരിസര പ്രദേശങ്ങളിലും പ്രളയം മൂലം ഉണ്ടായ വിളനാശം, അടിസ്ഥാന സൗകര്യ മേഖലയിലുണ്ടായ നാശനഷ്ടങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവ യോഗം വിലയിരുത്തും. നാളെ അരുണാചൽ പ്രദേശിലെ പ്രളയബാധിത പ്രദേശങ്ങളും കേന്ദ്രമന്ത്രി സന്ദർശിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## FILM INDUSTRY – BOOST

ഇന്ത്യൻ സിനിമ നേരിടുന്ന അവസരങ്ങളെയും വെല്ലുവിളികളെയും കുറിച്ച് പഠിക്കാൻ ഉന്നതതലസമിതിക്കു രൂപം നൽകി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം. കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവിന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല അവലോകന യോഗത്തിലാണ് തീരുമാനം. പ്രസാർ ഭാരതി ചെയർമാൻ പ്രസൂൺ ജോഷിയുടെ നേതൃത്വത്തിലുള്ള സമിതി ഇന്ത്യൻ സിനിമയുടെ ഭാവി സാധ്യതകളും വെല്ലുവിളികളും പഠിക്കും. സിനിമാ മേഖലയിലെ അടിസ്ഥാന സൗകര്യം വേഗത്തിലാക്കുന്നതിനായി മന്ത്രാലയം തയ്യാറാക്കിയ മാതൃകാ ചട്ടങ്ങളുടെ കരട് നടപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## CABINET

ദേശീയ നിക്ഷേപ, അടിസ്ഥാന സൗകര്യ ഫണ്ടിലേക്കുള്ള കേന്ദ്ര സർക്കാർ നിക്ഷേപ വിഹിതം 60,000 കോടി രൂപയായി ഉയർന്നു. രാജ്യത്തെ അടിസ്ഥാന സൗകര്യ വികസന നിക്ഷേപങ്ങൾ വേഗത്തിലാക്കാൻ ഫണ്ടിലേക്ക് 30,000 കോടി രൂപയുടെ അധിക നിക്ഷേപത്തിന് കൂടി കേന്ദ്ര മന്ത്രിസഭ കഴിഞ്ഞ ആഴ്ച അംഗീകാരം നൽകിയിരുന്നു. NIIF-ന്റെ രണ്ടാമത്തെ ഇൻഫ്രാസ്ട്രക്ചർ അധിഷ്ഠിത ഫണ്ട് രൂപീകരിക്കുന്നതിനാണ് ഈ അധിക തുക വിനിയോഗിക്കുകയെന്ന് ധനകാര്യ മന്ത്രാലയം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## CENSUS

സെൻസസ് 2027 ൻറെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷന് ഇന്നു കൂടി അവസരം. ഇന്ന് രാത്രി 12 മണിയോടെയാണ് കേരളത്തിലെ സെൽഫ് എന്യുമറേഷൻ സൗകര്യത്തിനുള്ള സമയപരിധി അവസാനിക്കുക. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്. നാളെ മുതൽ വീടുകൾ തോറുമുള്ള വിവരശേഖരണം തുടങ്ങും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## NIYAMASABHA (INTRO)

നിയമസഭയിൽ ഇന്ന് പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും നടക്കും. **കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## WEATHER - KERALA

കേരളത്തിൽ വടക്കൻ ജില്ലകളിൽ ഇന്നും മഴ ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. എറണാകുളം, മുതൽ വയനാട് വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. അതേസമയം തെക്കൻ ജില്ലകളിൽ ഇന്നു മഴയുടെ ശക്തി കുറയും. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെയും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## TRAWLING BAN

ട്രോളിംഗ് കാലയളവിൽ മത്സ്യ തൊഴിലാളികൾക്ക് 52 ദിവസത്തേക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മത്സ്യബന്ധന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## K.MURALEEDHARAN- PREVENTIVE MEASURES

കേരളത്തിൽ പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ വീടുവീടാന്തരം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ തല പ്രചാരണപരിപാടികൾക്ക് ഇന്ന് തുടക്കം. ഉദ്ഘാടനം ഇന്ന് തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ ആരോഗ്യ മന്ത്രി കെ.മുരളീധരൻ നിർവഹിക്കും. വിദ്യാഭ്യാസ മന്ത്രി എൻ.ഷംസുദ്ദീൻ ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി സർക്കാർ രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ നിർദ്ദേശങ്ങളുടെ ഭാഗമായാണ് സ്കൂൾ തല പ്രചാരണ പരിപാടി സംഘടിപ്പിക്കുന്നത്.

## PULSE POLIO

പൾസ് പോളിയോ ഇമ്മ്യൂണൈസേഷന്റെ രണ്ടാം ദിനത്തിൽ സംസ്ഥാനത്ത് 1.3 ലക്ഷം കുട്ടികൾക്ക് ആരോഗ്യപ്രവർത്തകർ വീടുകളിലെത്തി വാക്സിൻ നൽകി. ഇതോടെ അഞ്ചു വയസിനു താഴെയുള്ള ആകെ 19.8 ലക്ഷം കുട്ടികളിൽ 18.83 ലക്ഷം കുട്ടികൾ വാക്സിൻ സ്വീകരിച്ചതായി ആരോഗ്യ മന്ത്രി കെ.മുരളീധരൻ അറിയിച്ചു. അവശേഷിക്കുന്ന ഏകദേശം ഒരു ലക്ഷം കുട്ടികൾക്ക് ഇന്ന് വീടുകളിലെത്തി മരുന്ന് നൽകുമെന്നും അദ്ദേഹം അറിയിച്ചു.

## SHIGALLA

സംസ്ഥാനത്ത് ഇന്നലെ ആറ് പേർക്ക് കൂടി ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. കോഴിക്കോട്, മലപ്പുറം സ്വദേശികൾക്കാണ് രോഗബാധ. ഈ മാസം ഇതുവരെ 197 പേർക്ക് ഷിഗല്ല ബാധയും, ആറ് മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12 പേർക്ക് ഇന്നലെ ഡെങ്കിപ്പനിയും, 69 പേർക്ക് ചിക്കൻ പോക്സും സ്ഥിരീകരിച്ചു. എലിപ്പനി ബാധിച്ചുള്ള രണ്ട് മരണമടക്കം, നാല് പനി മരണങ്ങളും സംസ്ഥാനത്ത് ഇന്നലെ റിപ്പോർട്ട് ചെയ്തു.

## FIFA

ഫിഫാ ലോകകപ്പ് ഫുട് ബോളിൽ നിന്നും ജർമനി പുറത്തായി. ഇന്നലെ നടന്ന മത്സരത്തിൽ പാരഗ്വായോടാണ് മുൻ ലോക ചാമ്പ്യന്മാർ പരാജയപ്പെട്ടത്. പെനാൽറ്റി ഷൂട്ടൗട്ടിൽ മൂന്നിനെതിരെ നാല് ഗോളുകൾക്കാണ് പരാഗ്വേയുടെ വിജയം. മറ്റൊരു പോരാട്ടത്തിൽ ജപ്പാനെ വീഴ്ത്തി ബ്രസീലും പ്രീ-ക്വാർട്ടറിൽ പ്രവേശിച്ചു. ഒന്നിനെതിരേ രണ്ടുഗോളുകൾക്കാണ് ബ്രസീലിന്റെ ജയം. ദക്ഷിണാഫ്രിക്കയെ ഏകപക്ഷീയമായ ഒരു ഗോളിന് പരാജയപ്പെടുത്തി ക്യാനഡയും പ്രീ ക്വാർട്ടറിൽ കടന്നു. മൊറോക്കോയും

നെതർലാൻഡ്സും തമ്മിലുള്ള മത്സരം പുരോഗമിക്കുകയാണ്. ഐവറി കോസ്റ്റും നോർവേയുമായുള്ള നോക് ഔട്ട് പോരാട്ടം ഇന്ത്യൻ

സമയം രാവിലെ 10.30ന് ആരംഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## WOMEN CRICKET - OLYMPIC BERTH

2028 ൽ ലൊസാഞ്ചലസിൽ നടക്കുന്ന ഒളിമ്പിക്ക് ഗെയിംസിലേക്ക് യോഗ്യത നേടി ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം. വനിതാ ട്വന്റി-20 ലോകകപ്പിലെ മികച്ച പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ ടീം നേരിട്ട് യോഗ്യത നേടുന്നത്. ഓസ്ട്രേലിയ, ബ്രിട്ടൻ, ദക്ഷിണാഫ്രിക്ക ടീമുകളും യോഗ്യത ഉറപ്പാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MPEDA - OLYMPIAD

ദേശീയ സമുദ്രോത്പന്ന നൈപുണ്യ ഒളിമ്പ്യാഡിന്റെ രണ്ടാം പതിപ്പ് അടുത്ത മാസം 1 മുതൽ രാജ്യത്ത് നടക്കും. സീഫുഡ് എക്സ്പോ ഭാരത് 2026 ന്റെ ഭാഗമായി മൂന്ന് ദിവസത്തെ ഒളിമ്പ്യാഡാണ് സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി സംഘടിപ്പിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## INDIA - PAK - AFGHAN

അഫ്ഗാനിസ്ഥാനിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണങ്ങളെ ശക്തമായി അപലപിച്ച് ഇന്ത്യ. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നിരവധി സാധാരണക്കാർക്ക് ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടു. പാകിസ്ഥാൻ നടപടി അഫ്ഗാനിസ്ഥാന്റെ പരമാധികാരത്തിനു നേരെയുള്ള കടന്നുകയറ്റമാണെന്നും പ്രാദേശിക സമാധാനത്തിനും സ്ഥിരതയ്ക്കും നേരെയുള്ള ഭീഷണിയാണെന്നും വിദേശകാര്യ മന്ത്രാലയം

പ്രസ്താവനയിൽ പറഞ്ഞു. അഫ്ഗാനിസ്ഥാന്റെ പരമാധികാരത്തിനും പ്രാദേശിക സമഗ്രതയ്ക്കുമുള്ള ഇന്ത്യയുടെ പിന്തുണയും ആവർത്തിച്ചു.